# ബ്രാഹ്മണൻ അർത്ഥം ധർമസത്തയുടെയും രാജ്യസത്തയുടെയും അധികാരിആത്മാവ്

ഇന്ന് ബാപ്ദാദ നാനാഭാഗത്തെയും കുട്ടികളിൽ രണ്ടു വിശേഷസത്തയെ കാണുകയായിരുന്നു. ആ രണ്ടു സത്തകളാണ് ഒന്ന് ധർമസത്ത, രണ്ടാമത് സ്വരാജ്യസത്ത. ബ്രാഹ്മണജീവിതത്തിന്റെ വിശേഷത- ഈ രണ്ടു സത്തകളും ഓരോരുത്തർക്കും പ്രാപ്തമാകുന്നു. ധർമസത്ത അർഥം സത്യത, പവിത്രതയുടെ ധാരണാസ്വരൂപം, സ്വരാജ്യസത്ത അർഥം അധികാരിയായി സർവ കർമേന്ദ്രിയങ്ങളെ തന്റെ അധികാര ത്തിലൂടെ ഓർഡറിൽ നടത്തുക. സ്വരാജ്യഅധികാരി അതായത് സ്വരാജ്യത്തിന്റെ സത്താധാരി യാതൊരു പരിതസ്ഥിതിയുടെ, പ്രകൃതിയുടെ, മായയുടെ സർവസ്വരൂപത്തിലും അധീനമാകുകയില്ല. അധികാരിയാ യിരിക്കും. ഓരോ ബ്രാഹ്മണാത്മാവിനും ബാപ്ദാദ ഈ രണ്ടു സത്തകളും പ്രാപ്തി ചെയ്യിച്ചുവല്ലോ? എല്ലാവരിലും ഈ രണ്ടു സത്തകളും ഉണ്ടോ അതോ ഇപ്പോഴും പൂർത്തിയായിട്ടില്ലേ? ഇപ്പോഴത്തെ രണ്ടു സത്തകളും പ്രാപ്തമാക്കുന്നവരാണ് ഭാവിയിൽ ധർമത്തിന്റെയും രാജ്യത്തിന്റെയും സത്തയുടെ അധികാ രിയാകുന്നത്. രണ്ടു സത്തകളും ധാരണ ചെയ്തിട്ടുണ്ടോ? തന്റെ ചിത്രം കണ്ടിട്ടുണ്ടോ? ഡബിൾവിദേശി കളുടെ ചിത്രമാണോ മറ്റുള്ളവരുടെ ചിത്രമാണോ? അപ്പോൾ ആ ചിത്രത്തിൽ രണ്ടു സത്തകളുടെയും വിശേഷതകൾ കണ്ടിട്ടുണ്ടോ? ധർമസത്തയുടെ ലക്ഷണമാണ്- പ്രകാശത്തിന്റെ കിരീടം, രാജ്യസത്ത യുടെ ലക്ഷണമാണ് രത്നജഡിതകിരീടം. അപ്പോൾ ഇങ്ങനെയുള്ള തന്റെ ചിത്രം കണ്ടിട്ടുണ്ടോ? രണ്ടു സത്തയുടെയും ധാരണ ഈ സമയത്താണ് ചെയ്യുന്നത്. അര കൽപം രണ്ടു സത്തകളും താങ്കളേവരു ടെയും ഒരേ കയ്യിൽ മാത്രമാണ്. ദ്വാപരത്തിൽ നോക്കുകയാണെങ്കിൽ ധർമസത്ത വേറെയായി, രാജ്യ സത്ത വേറെയായി, അതുകൊണ്ടാണ് ധർമപിതാക്കൻമാർക്ക് വരേണ്ടി വന്നത്. അപ്പോൾ ധർമപിതാവും രാജാവും രണ്ടും വേറെ വേറെയായി കഴിഞ്ഞു. എന്നാൽ സ്വന്തം രാജ്യത്ത് വേറെയായിരിക്കുമോ? ഓരോ രുത്തരുടെയും പക്കൽ രണ്ടു സത്തയും ഒന്നിച്ചുണ്ടായിരിക്കും അതിനാൽ അഖണ്ഡ നിർവിഘ്ന രാജ്യം നടക്കുന്നു. അപ്പോൾ ഓരോരുത്തരിലും ഈ രണ്ടു സത്തകളും കണ്ടിരുന്നു, അതായത് ഓരോരുത്തരും എത്ര അവനവനിൽ ധാരണ ചെയ്തിട്ടുണ്ട്? ഏതുവരേക്കും അധികാരിയായിട്ടുണ്ട്? എന്താ എപ്പോഴും അധികാരിയായിരിക്കുന്നുവോ അതോ ഇടയ്ക്ക് അധീനം ഇടയ്ക്ക് അധികാരി? ഇപ്പോഴിപ്പോൾ അധികാ രിയാണ് ഇപ്പോഴിപ്പോൾ അധീനമായി എങ്കിൽ നന്നായിരിക്കുമോ? അതോ സദാ അധികാരിയാണോ നല്ലത്? സദാ അധികാരം വേണമോ അതോ കുറച്ചു സമയം മതിയായിരിക്കുമോ? സ്വയം ബാബ അധികാരം നൽകുമ്പോൾ നൽകുന്നയാൾ നൽകികൊണ്ടിരിക്കുന്നു, എടുക്കുന്നയാളോ എന്തു ചെയ്യണം? എടുക്കു ന്നതാണോ എളുപ്പം നൽകുന്നതാണോ എളുപ്പം? എടുക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ലല്ലോ. നൽകുന്ന തിൽ ചിന്തിക്കേണ്ടി വരുന്നു- നൽകണോ, നൽകണ്ടേ, കുറച്ചു നൽകണോ, കൂടുതൽ നൽകണോ... എന്നാൽ എടുക്കുന്നതിൽ എല്ലാവരും പറയും- എത്ര കിട്ടുന്നുവോ അത്രയും എടുക്കാം. അപ്പോൾ എടു ക്കുന്നതിൽ നമ്പർ വൺ ആണോ നമ്പർ ടു ആണോ? ഇതിൽ നമ്പർ ടു ആരും ആകുന്നില്ല, നൽകേണ്ടി വരുമ്പോൾ... നൽകുന്നതിലും നമ്പർവൺ ആണോ ചിന്തിക്കേണ്ടി വരുന്നുവോ, ധൈര്യം വെക്കേണ്ടി വരുന്നുവോ! വാസ്തവത്തിൽ നോക്കുകയാണെങ്കിൽ നൽകുന്നതെന്താണ്? ബ്രാഹ്മണജീവിതത്തിൽ നൽകണോ എടുക്കണോ? അഥവാ നൽകുന്ന സാധനത്തിനെക്കാൾ എടുക്കുന്ന സാധനം ശ്രേഷ്ഠമാ ണെങ്കിൽ എടുക്കലാണോ നടന്നത് നൽകലാണോ? നൽകേണ്ടി വരുന്നു,നൽകണം- ഇതു ചിന്തിക്കുകയാ ണെങ്കിൽ ഭാരിച്ചവരാകുന്നു. എടുക്കണം എങ്കിൽ സദാ സന്തോഷത്തോടെയിരിക്കുന്നു, ധൈര്യത്തിലിരി ക്കുന്നു. നൽകുന്നതിൽ ചിന്തിക്കുന്നു നൽകാൻ ബുദ്ധിമുട്ടാണ് എന്നാൽ ആദ്യം എടുക്കുകയും പിനനെ നൽകുകയും ആണെങ്കിൽ പിന്നെ ഒന്നുമില്ല. താങ്കളുടെ കയ്യിൽ എന്തെങ്കിലുമുണ്ടോ ബാബക്കു നൽകാൻ? നൽകുന്നുവെങ്കിൽ നല്ല സാധനമാണോ അതോ മോശമാണോ നൽകാറ്? അപ്പോൾ താങ്കളുടെ പക്കൽ എന്തു നല്ലതുണ്ട്- ശരീരം നല്ലതാണോ, മനസ് നല്ലതാണോ, ധനം നല്ലതാണോ? കേടായതാണ്. മരുന്നു കളുടെ സഹായത്തോടെ ശരീരത്തെ നടത്തുന്നു, അപ്പോൾ കേടു വന്ന വണ്ടി നല്ലതായിരിക്കുമോ? അപ്പോൾ ബ്രാഹ്മണജീവിതത്തിൽ എടുക്കൽ തന്നെ എടുക്കലാണ്. ബാബ പുഞ്ചിരിക്കുകയാണ് കുട്ടികൾ ബാബയെക്കാൾ സമർഥരാണ്. ആദ്യം എടുക്കുന്നു പിന്നെ നൽകുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു. സമർഥ രല്ലേ! നല്ലതാണ് കുട്ടികൾ സമർഥരാകുമ്പോൾ അച്ഛനു നല്ലതായി തോന്നുന്നു എന്നാൽ പോകെപ്പോകെ അഥവാ മന്ദമായിപ്പോയാൽ നല്ലതായി തോന്നുകയില്ല. ഇടയ്ക്കിടെ കുട്ടികളുടെ മുഖം ഇങ്ങനെ തോന്നുന്നു അറിയുന്നതേയില്ല, എന്താണു സംഭവിച്ചതെന്ന്! ശരീരത്തിൽ പോകെപ്പോകെ രക്തം കുറഞ്ഞുപോയാൽ ദുർബലമാകുന്നതു പോലെ, മുഖത്തും ദുർബലത കാണപ്പെടുന്നു. അപ്പോൾ ഇവിടെയും സന്തോഷത്തി ന്റെ, ശക്തികളുടെ കുറവുണ്ടാകുമ്പോൾ മുഖം ഇങ്ങനെയാകുന്നു, എല്ലാവർക്കും അറിയാവുന്ന പോലെ

...എല്ലാവർക്കും അറിയാം, എല്ലാവരും അനുഭവിയാണ്. ഒരു വശത്ത് പറയുന്നു സന്തോഷത്തിന്റെ ഖനി ലഭിച്ചു അതും അവിനാശി പിന്നെ കുറയുന്നതെങ്ങനെ? അപ്പോൾ ബാബയുടെ പക്കൽ താങ്കളുടെ മുഴുവൻ ദിവസത്തെ മനസിന്റെ മൂഡ്, മൂഡ് അനുസരിച്ച് മുഖം മാറുന്നത് എല്ലാ മുഴുവൻ ദിവസത്തെ ചിത്രവും അവിടെയുണ്ട്. താങ്കൾ ചിത്രങ്ങളുടെ മ്യൂസിയം ഉണ്ടാക്കുന്നില്ലേ, ബാബയുടെ കയ്യിൽ താങ്കളുടെ ചിത്രങ്ങളുടെ മ്യൂസിയമുണ്ട്. അപ്പോൾ എല്ലായ്പോഴും ഓർമിക്കൂ ഞാൻ ബ്രാഹ്മണാത്മാവ് രാജ്യസത്തയുടെയും ധർമസത്തയുടെയും അധികാരി ആത്മാവാണ്. ഈ സ്മൃതിയുടെ നിശ്ചയമുണ്ടെങ്കിൽ ലഹരിയുണ്ട്. നിശ്ചയം കുറവെങ്കിൽ ലഹരിയും കുറവ്. അപ്പോൾ പരിശോധിക്കൂ– ഈ സത്തകൾ സദാ കൂടെയുണ്ടോ അതോ ഇടയ്ക്ക് നഷ്ടമാകുന്നു ഇടയ്ക്ക് വരുന്നുവോ? ശരി ഇന്ന് ഡബിൾ വിദേശി ഭൂരിപക്ഷമുണ്ട്. ബാപ്ദാദ വിശേഷിച്ച് ഡബിൾ വിദേശികളോട് ചോദിക്കുന്നു –മുഴുവൻ ദിവസത്തിൽ തന്റെ അധികാരത്തിന്റെ സീറ്റിൽ സെറ്റായിരിക്കുന്നുവോ അതോ പെട്ടെന്ന് അപ്സെറ്റാകുന്നുവോ? അപ്സെറ്റാകുക എന്നത് ഭൂതകാലത്തെ കാര്യമാണ് ഇപ്പോഴത്തെയല്ല! കഴിഞ്ഞുപോയില്ലേ! ഇപ്പോഴൊന്നും ഉണ്ടാകുന്നില്ലല്ലോ! ഇപ്പോൾ നോളജ്ഫുൾ, പവർഫുൾ ആയി. ഇങ്ങനെയല്ല, ചെറിയ കാര്യത്തിൽ അപ്സെറ്റായിക്കൊള്ളുക, മുഖം മാറുക, മൂഡ് മാറുക! ഇങ്ങനെ ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ടോ? ഇടയ്ക്കിടെ അപ്സെറ്റാകുന്നുണ്ടോ? നല്ലത്! ആരു മനസിലാക്കുന്നുവോ അപ്സെറ്റാകുക എന്നാൽ എന്താണ് എന്നു പോലും മറന്നുപോയി ഇങ്ങനെയുള്ള ശക്തിശാലി ആത്മാക്കൾ ഒരിക്കലും അപ്സെറ്റാകാത്തവർ, അവർ കൈ ഉയർത്തൂ. സത്യം പറയുന്നു അതിന് ആശംസകൾ. ഇപ്പോൾ ഈ സീസണിൽ കുറച്ചു മധുബനിൽ വിട്ടിട്ടുപോകുമോ അതോ കുറച്ച് എടുത്തിട്ടു പോകുമോ? ഭൂരിപക്ഷവും മധുബനിൽ ശിവരാത്രി ആഘോഷിച്ചില്ലേ! അപ്പോൾ ആരുടെ ജന്മദിനം ആണോ അവർക്കു സമ്മാനം നൽകുമല്ലോ. അപ്പോൾ ബാബയ്ക്ക് എന്തു ഗിഫ്റ്റ് നൽകി? ഈ അപ്സെറ്റാകൽ– ഇതേ ഗിഫ്റ്റ് നൽകൂ– ഇനി ഉണ്ടാവില്ല. ധൈര്യമുണ്ടോ? ശരി കൈ ഉയർത്തൂ ടിവിയിൽ എല്ലാവരുടെയും കൈ കാണിക്കൂ. ആലോചിച്ചുറപ്പിച്ചിട്ട് കൈ ഉയർത്തുക. നോക്കൂ എല്ലാവരുടെ കയ്യും പകർത്തൂ. നോക്കണം ഇപ്പോൾ ഫോട്ടോ എടുത്തിട്ടുണ്ട്. ബാബയ്ക്ക് ആ മുഖം നല്ലതായി തോന്നുന്നില്ല. ബാപ്ദാദ ഓരോ കുട്ടിയെയും വിടർന്ന ആത്മീയറോസാപുഷ്പമായി കാണാൻ ആഗ്രഹിക്കുന്നു. വാടിയതല്ല, വിടർന്നത്. ആരോടു സ്നേഹമുണ്ടോ അവർക്ക് എന്തു നല്ലതായി തോന്നുന്നുവോ അത് ചെയ്യും! ഡബിൾവിദേശികൾ ബാബയെ വളരെ സ്നേഹിക്കുന്നു. അപ്പോൾ ബാബയ്ക്ക് എന്തു നല്ലതായി തോന്നുന്നുവോ അതാണ് താങ്കൾക്കും നല്ലതായി തോന്നുന്നത് അല്ലേ! ഇനി ആരെപ്പറ്റിയും ഇങ്ങനെ കേൾക്കരുത്– എന്തു ചെയ്യാൻ, കാര്യമേ ഇങ്ങനെയായിരുന്നു, അതാണ് അപ്സെറ്റായത്. അഥവാ കാര്യം അപ്സെറ്റിന്റെ വന്നാൽപോലും താങ്കൾ അപ്സെറ്റ് സ്ഥിതിയിൽ വരരുത്. ഊഞ്ഞാലാടാറുള്ളതുപോലെ അപ്പോൾ അതു വളരെ മുകളിലും താഴെയും പോകുന്നു. വളരെ മുകളിലും വളരെ താഴെയും വളരെ വേഗത്തിലുമാകുമ്പോൾ ശരീരത്തെ അപ്സെറ്റാക്കുമല്ലോ. എന്നാൽ താങ്കൾ അപ്സെറ്റാകുമോ? എന്തുകൊണ്ടേ ആകുന്നില്ല? കളിയെന്നു മനസിലാക്കുന്നതിലൂടെ അപ്സെറ്റിനു പകരം രസം വരുന്നു. കാരണമെന്ത്? കളിയാണ്. ഇങ്ങനെ അഥവാ എന്തെങ്കിലും അപ്സെറ്റാക്കുന്ന കാര്യം വന്നാലും, വരിക തന്നെ ചെയ്യും, ആരു കൈ ഉയർത്തിയോ അവർക്കു മുന്നിൽ ഇനിയും വലിയ അപ്സെറ്റാക്കുന്ന കാര്യം വരും എന്തെന്നാൽ മായയും മുരളി കേട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിനെ ഒരു കളിയെന്നു കരുതൂ. പരിഭ്രമിക്കരുത്. നല്ലത് ആട്ടുകയാണ്, ആടാൻ വിട്ടുകൊള്ളൂ. എന്നാൽ മനസ് പരിഭ്രമിക്കരുത്, നോളജ്ഫുൾ പവർഫുൾ ആകൂ. ആ സീറ്റ് വിടരുത്. അഥവാ ഒന്നോ രണ്ടോ തവണ താങ്കൾ അപ്സെറ്റാകുന്നയാളല്ല എന്നു മായ കണ്ടാൽ സ്വയം അപ്സെറ്റായിക്കോളും, താങ്കളെ ആക്കുകയില്ല. മനസിന്റെ കൊടുക്കൽ വാങ്ങൽ ചെയ്താലും എന്തെങ്കിലും കാര്യം വന്നാൽ നോളജ്ഫുളായതിനാൽ മനസിലാക്കുന്നില്ലേ– ഇതു ശരിയാണ്, ഇതു ശരിയല്ല, ഇതു നടക്കണം, ഇതു നടക്കാൻ പാടില്ല... എന്നാൽ കാര്യങ്ങളുടെ കൊടുക്കൽ വാങ്ങൽ കാര്യങ്ങളുടെ രീതിയിലൂടെ ചെയ്യൂ, അപ്സെറ്റ് രൂപത്തിലല്ല. ഒരു വശത്ത് പറയുകയും ചെയ്യും മറുവശത്ത് ഗംഗയും യമുനയും ഒഴുക്കിക്കൊണ്ടിരിക്കും. മനസിൽ ഒഴുക്കിയാലും കണ്ണുകളിലൂടെ ഒഴുക്കിയാലും, രണ്ടും ശരിയല്ല. അപ്പോൾ സമ്മാനം തരാൻ തയ്യാറാണോ? ചിന്തിച്ചുവോ അതോ ഇങ്ങനേ ശരി പറഞ്ഞുവോ?

ബാപ്ദാദ വളരെ സഹജ വാക്കുകളിൽ യുക്തി പറഞ്ഞുതരികയാണ് എപ്പോൾ എന്തു പരിതസ്ഥിതി അല്ലെങ്കിൽ പ്രകൃതി ഇളക്കത്തിന്റെ രൂപത്തിൽ വന്നാലും രണ്ടു വാക്ക് ഓർമിക്കൂ, വിധിയാണ്– നോട്ട് (പൂജ്യം) ഇടൂ അല്ലെങ്കിൽ ഡോട്ട്(ബിന്ദു) ഇടൂ. നോട്ട് അല്ലെങ്കിൽ ഡോട്ട്. അഥവാ എന്തെങ്കിലും കാര്യം തെറ്റാണെങ്കിൽ ഇതു മനസിലാക്കൂ നോട്ട് എന്നുവെച്ചാൽ ചെയ്യാൻ പാടില്ല. ചിന്തിക്കരുത്, ചെയ്യരുത്, പറയരുത്. ഡോട്ട് ഇട്ടാൽ നോട്ട് ആവുക തന്നെ ചെയ്യും. നോട്ട് ചിന്തിക്കൂ, ഡോട്ട് ഇടൂ. തീർന്നു. ഡോട്ട് (ബിന്ദു) ഇടുന്നതിൽ എത്ര സമയം എടുക്കുന്നു? സെക്കന്റിനെക്കാൾ കുറവ്. എന്നാൽ സംഭവിക്കുന്നതെന്താണ്? മനസിലാക്കുന്നു ഇതു ചെയ്യരുത്, ശരിയല്ല എന്നാൽ ഡോട്ട് ഇടാനറിയുന്നില്ല. നോളജ്ഫുൾ ആയിക്കഴിഞ്ഞു എന്നാൽ വെറും നോളജ്ഫുൾ ആകരുത്, നോളജിനൊപ്പം പവർഫുൾ കൂടി ആകണം.

അപ്പോൾ പവർഫുൾ സ്ഥിതിയുടെ കുറവുണ്ട് അതിനാൽ ഡോട്ട് ഇടാൻ കഴിയുന്നില്ല. ആർക്ക് ഡോട്ട് ഇടാൻ കഴിയുമോ അവർ ബാബയെയും മറക്കുകയില്ല, ബാബയും ഡോട്ട്(ബിന്ദു) ആണ്. താങ്കളും ഡോട്ട് ആണ്. അപ്പോൾ എല്ലാം ഓർമ വരും. ഫുൾസ്റ്റോപ്പ്. ചോദ്യചിഹ്നം(?), ആശ്ചര്യചിഹ്നം(!) അല്ലെങ്കിൽ കോമ(,) ഇവ ഇടരുത്. ഫുൾസ്റ്റോപ്പ്. ഫുൾസ്റ്റോപ്പിന്റെ ചിഹ്നം എളുപ്പമല്ലേ. മറ്റുള്ളതെല്ലാം പ്രയാസമാണ്. ഏറ്റവും പ്രയാസമാണ് ചോദ്യചിഹ്നം. അത് ഇടുവാൻ വളരെ പെട്ടെന്ന് കഴിയുന്നു. കേട്ടിട്ടില്ലേ വൈ (എന്തുകൊണ്ട്) എന്ന വാക്ക് വന്നാൽ എന്തു ചെയ്യണം? ഫ്ളൈ. മുകളിലേക്ക് പറന്നുപോകൂ. വൈ അല്ല ഫ്ളൈ. ഫ്ളൈ (പറക്കുക) അറിയാമോ? അതുപോലെ ഡബിൾ വിദേശികളിൽ നല്ല നല്ല രത്നങ്ങൾ പുറത്തുവന്നിട്ടുണ്ട്. ബാപ്ദാദ ഇങ്ങനെയുള്ള രത്നങ്ങളെ കണ്ട് ഹർഷിതമാകുന്നു. ഒപ്പമൊപ്പം ഇങ്ങനെ വളരെ അമൂല്യമായ രത്നങ്ങളിൽ അഥവാ വളരെ അൽപമെങ്കിലും എവിടെയെങ്കിലും കറയുണ്ടെങ്കിൽ കാണപ്പെടുന്നു. അപ്പോൾ അമൂല്യരത്നങ്ങൾക്കു മേൽ ആ കറ നല്ലതായി തോന്നുകയില്ല. ചെറിയൊരു കറയായിരിക്കാം എന്നാൽ പറയും കറയില്ലേ! അതിനാൽ അമൂല്യരത്നങ്ങളായി എങ്കിൽ ബാക്കി ചെറിയ കറ എന്തിനു വെച്ചുകൊണ്ടിരിക്കണം? നന്നായി തോന്നുന്നുണ്ടോ? ഇതു ചിന്തിക്കുന്നില്ല ചന്ദ്രനിലും കറുത്തതായി കാണപ്പെടുന്നു അതിനാൽ നല്ലതാണ്! ഡബിൾ വിദേശി ഉദാഹരണമായി കാണിക്കൂ. അൽപം പോലും ഒരു കുറവുമില്ല. അങ്ങനെ കറയുടെ കാരണം എന്താകുന്നു? ആഗ്രഹിക്കുന്നില്ല കറ പുരളണം എന്നാൽ ആയിപ്പോകുന്നു. എന്തുകൊണ്ട് ആയിപ്പോകുന്നു? മൂലകാരണം അറിയാമോ? അറിയുന്നതിൽ സമർഥരാണ്. അറിയുന്നുമുണ്ട് പരസ്പരം വർക്ക്ഷോപ്പുകൾ ചെയ്യുന്നുമുണ്ട്. അപ്പോൾ ബാപ്ദാദ വർക്ക്ഷോപ്പിന്റെയും ഫോട്ടോ നോക്കുന്നു. കാരണങ്ങൾ വളരെ പറയുന്നുണ്ട് ഇതു കാരണമാണ്, ഇതു കാരണമാണ്.... നല്ല നല്ല കാര്യങ്ങൾ വർക്ക്ഷോപ്പിൽ പുറത്തുവരുന്നു. എന്നാൽ വർക്കിലേക്ക് വരുന്നില്ല. ദേഹബോധത്തിന്റെ വളരെ സൂക്ഷ്മരൂപം ആയി മാറുന്നു. ഇപ്പോൾ വലിയ വലിയ രൂപത്തിൽ ദേഹബോധം വരുന്നില്ല, എന്നാൽ സൂക്ഷ്മവും റോയലുമായ രൂപത്തിൽ വരുന്നു. ബുദ്ധി വളരെ നന്നായി പ്രവർത്തിപ്പിക്കുന്നു, നല്ല നല്ല കാര്യങ്ങൾ ചിന്തിക്കുന്നതിൽ ബാപ്ദാദ സന്തോഷിക്കുന്നു. എന്നാൽ നല്ല കാര്യങ്ങൾ ആലോചിച്ചുകൊണ്ടും പിന്നെ അൽപമെങ്കിലും കൂട്ടിച്ചേർക്കലോ തിരുത്തലോ ചെയ്യുന്നുവെങ്കിൽ ഞാനെന്ന ഭാവം വരുന്നു. സ്വന്തം അഭിപ്രായം സന്തോഷത്തോടെ നൽകുന്നതുപോലെ മറ്റുള്ളവരുടെ അഭിപ്രായവും സന്തോഷത്തോടെ എടുക്കൂ. പരിഭ്രമിക്കരുത്– ഇതെങ്ങനെ നടക്കും, ഇതെന്താ ചെയ്തത്, ഇതു നടക്കാൻ സാധ്യതയില്ല, ഇതു സംഭവിക്കാൻ സാധ്യതയില്ല..മറ്റുള്ളവരുടെ അഭിപ്രായം, മറ്റുള്ളവരുടെ കാര്യങ്ങൾക്ക് ഇത്രയും ആദരവ് കൊടുക്കൂ സ്വന്തം അഭിപ്രായത്തിനു നൽകുന്ന പോലെ. അഭിപ്രായം നൽകുക വേറെ കാര്യം, താങ്കൾക്ക് അവരുടെ അഭിപ്രായം അഥവാ നല്ലതായി തോന്നുന്നില്ലെങ്കിൽ പോലും അതിന്റെ പ്രഭാവത്തിൽ വരിക, അവസ്ഥ മേലുകീഴാകുന്നു എങ്കിൽ ഈ സേവനം സേവനമല്ല. അഡ്ജസ്റ്റ് ചെയ്യുക, മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും തന്റെ അഭിപ്രായങ്ങൾ പോലെ വിചാരിക്കുക, കരുതുക. ഇതാണ് മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുക. ഞാൻ ഇതു വിചാരിച്ചു അല്ലെങ്കിൽ ആലോചിച്ചു, അഭിപ്രായം പറഞ്ഞു, ജോലി ചെയ്തു, അപ്പോൾ എന്റെ അഭിപ്രായങ്ങൾക്ക് മഹത്വം ഉണ്ടാകണം. മറ്റുള്ളവരെ ആദരവ് നൽകേണ്ടതുണ്ട്. ഇങ്ങനെ മറ്റുള്ളവരുടെ അഭിപ്രായങ്ങളും മറ്റുള്ളവരുടേതുമായി ചേർക്കുക, ആ ചേർക്കൽ അറിയില്ല. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മറ്റുള്ളവരുടേതായി കരുതുന്നു. എന്തെന്നാൽ ഇപ്പോൾ താങ്കൾ ഡബിൾ വിദേശികളും സേവാക്ഷേത്രത്തിൽ പ്ലാൻ ഉണ്ടാക്കുന്നതിൽ നല്ല പ്രോഗ്രാം ഉണ്ടാക്കുന്നു. തുടർന്നും ഉണ്ടാവണം. എന്നാൽ സഹകരണത്തിന്റെ വിശേഷത ഉപയോഗിക്കുന്നു. അഥവാ ഏതെങ്കിലും കുട്ടി മുന്നേറുന്നുവെങ്കിൽ ബാപ്ദാദയ്ക്കു സന്തോഷമുണ്ടാകുന്നു. ഇങ്ങനെ വിചാരിക്കുന്നില്ല ഇവർ എന്തുകൊണ്ട് മുന്നേറുന്നു! ആരു വളരുന്നു വളരെ നല്ലത്. അതിനാൽ ഡബിൾവിദേശികളോട് ബാപ്ദാദയ്ക്ക് സ്നേഹം തന്നെയാണ് എന്നാൽ സേവനത്തിന്റെ പ്ലാൻ അഥവാ പ്രാക്ടിക്കൽ സേവനത്തിനായി എന്തു ചെയ്യുന്നുവോ ചെയ്തുകൊണ്ടിരിക്കുന്നു, അതിന് വളരെ വളരെ ആശംസകൾ.

ബാപ്ദാദ ആദ്യമേ കേൾപ്പിച്ചു അഥവാ താങ്കൾ ഡബിൾവിദേശികളല്ലായിരുന്നെങ്കിൽ ബാബയുടെ ഒരു ടൈറ്റിൽ പ്രാക്ടിക്കലിൽ തെളിയിക്കപ്പെടുമായിരുന്നില്ല. ഏതൊന്ന്? വിശ്വമംഗളകാരി. ഇപ്പോൾ നോക്കൂ വിശ്വത്തിൻരെ നാനാ ഭാഗത്തും ബാപ്ദാദയുടെ സന്ദേശം നൽകിക്കൊണ്ടിരിക്കുകയല്ലേ! ഈ സീസണിൽ നാനാ ഭാഗത്തു നിന്നും വന്നിരിക്കുകയല്ലേ! ആകെ എത്ര ദേശത്തു നിന്ന് വന്നിരിക്കുന്നു? (58) ബാക്കി എത്ര മുഖ്യ ദേശങ്ങളുണ്ട്? (125) ചെറിയ ചെറിയ ദേശങ്ങൾ വളരെയുണ്ടാകും. എന്നാൽ മുഖ്യ ദേശങ്ങൾ 125 ആണ്. അതിനാൽ ഇപ്പോൾ ഡബിൾ വിദേശികൾക്ക് വളരെ കാര്യങ്ങൾ ചെയ്യാനുണ്ടാകും.! ഭാരതത്തിലും ചെയ്യണം വിദേശത്തും ചെയ്യണം രണ്ടിടത്തും ചെയ്യണം. ബാപ്ദാദ ആദ്യമേ പറഞ്ഞു സേവനത്തിന്റെ സമ്പൂർണ സഫലതയുടെ ലക്ഷണം ഇതാണ് ഒരിടത്തു നിന്നും ആത്മാക്കൾ പരാതിപ്പെടരുത് ഞങ്ങളുടെ അടുക്കൽ സന്ദേശം എത്തിയതേയില്ല. സന്ദേശം എത്തി കേട്ടിട്ടും ആരെങ്കിലും തന്റെ ഭാഗ്യമുണ്ടാക്കിയില്ലെങ്കിൽ താങ്കളെ പ്രതി പരാതിയില്ല. അത് ആ ആത്മാവിനെ പ്രതി ആയി. എന്നാൽ

താങ്കളെ പ്രതി ഒരു പരാതിയുമുണ്ടാകരുത്. പറയുന്നുമുണ്ട് മാസ്റ്റർ വിശ്വമംഗളകാരി എങ്കിൽ വിശ്വത്തിൻരെ നാനാ ഭാഗത്തും സന്ദേശമെത്തണം. ഏതു സമയത്ത് താങ്കളുടെ വിജയത്തിന്റെ കൊടി പാറുന്നുവോ ആ സമയത്ത് അഥവാ ഏതെങ്കിലും ആത്മാവ് വന്ന് ഈ പരാതി പറയുന്നു എങ്കിൽ നല്ലതായി തോന്നുമോ? ഒരു വശത്ത് താങ്കൾ കൊടിയുയർത്തിക്കൊണ്ടിരിക്കുന്നു. മറുവശത്ത് ആൾക്കാർ പരാതിപ്പെട്ടുകൊണ്ടിരിക്കുന്നു എങ്കിൽ നല്ലതായി തോന്നുമോ? തോന്നില്ലല്ലേ! ഡബിൾവിദേശികളുടെ ധൈര്യം നല്ലതാണ്, ബാബയോട് സ്നേഹമുണ്ട് എന്നാൽ സേവനത്തോടും സ്നേഹം നന്നായുണ്ട്. രണ്ടിൽ നിന്നും സ്നേഹത്തിന്റെ സർട്ടിഫിക്കറ്റ് നല്ലതാണ്. ഇപ്പോൾ ഏതൊരു സർട്ടിഫിക്കറ്റെടുക്കണം? എത്രത്തോളം സേവാധാരി അത്രത്തോളം ശക്തിധാരി. അപ്പോൾ ശക്തിസ്വരൂപമായിക്കഴിഞ്ഞു– ഈ സർട്ടിഫിക്കറ്റെടുക്കണം. ബാപ്ദാദ കാണുകയാണ് – ഭൂരിഭാഗവും ബാബയോടും സേവനത്തോടും സ്നേഹത്തിൽ പാസാണ്. ശരി

നാനാഭാഗത്തെയും ധർമസത്തയുടെ അധികാരി ആത്മാക്കൾ, സദാ സ്വരാജ്യസത്തയുടെ അധികാരിആത്മാക്കൾ, സദാ ഡബിൾസത്താധാരി, ഡബിൾകിരീടധാരി ശ്രേഷ്ഠആത്മാക്കൾ, സദാ സർവശക്തികളിലൂടെ ശക്തിസ്വരൂപത്തിന്റെ പ്രത്യക്ഷസ്വരൂപം കാണിക്കുന്ന ശക്തിശാലി ആത്മാക്കൾ, സദാ ലക്ഷ്യത്തെ ലക്ഷണത്തിന്റെ രൂപത്തിൽ കാണിക്കുന്ന അനുഭവം ചെയ്യിക്കുന്ന ശക്തിശാലി മഹാവീരർ, അചഞ്ചലരായ ഇളകാത്ത ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം: ദൃഢസങ്കൽപത്തിലൂടെ വ്യർഥത്തിന്റെ രോഗത്തെ സദാ കാലത്തേക്ക് സമാപ്തമാക്കുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.

സഫലതാമൂർത്തിയാകുന്നതിന് എല്ലാ കുട്ടികൾക്കും ഈ ദൃഢസങ്കൽപം ചെയ്യണം, ഒരിക്കലും വ്യർത്ഥം ചിന്തിക്കില്ല, ഒരിക്കലും വ്യർഥം കാണുകയില്ല, വ്യർഥം കേൾക്കുകയില്ല, വ്യർഥം പറയുകയില്ല, വ്യർഥം ചെയ്യുകയില്ല... സദാ സൂക്ഷ്മതയോടെ വ്യർഥത്തിന്റെ പേരടയാളത്തെ പോലും സമാപ്തമാക്കും. ഈ വ്യർഥത്തിന്റെ രോഗം  വളരെ കടുത്തതാണ്, യോഗിയാകുവാൻ അനുവദിക്കുകയില്ല. എന്തെന്നാൽ വ്യർഥമാണ് വിസ്താരം. വിസ്താരത്തിൽ അലയുന്ന ബുദ്ധിയെ ഒതുക്കുവാനുള്ള ശക്തിയിലൂടെ സാരസ്വരൂപത്തിൽ സ്ഥിതി ചെയ്യൂ. അപ്പോൾ സഹജയോഗി, സഫലതാമൂർത്തിയാകും.

## സ്ലോഗൻ: മറ്റുള്ളവരോട് പറഞ്ഞ് പഠിപ്പിക്കുന്നതിന് പകരം ചെയ്തു പഠിപ്പിക്കുന്നവരാകൂ.

**സൂചന**: ഇന്ന് മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ചയാണ്, എല്ലാ രാജയോഗി തപസ്വി സഹോദരീ സഹോദരൻമാരും വൈകിട്ട് 6.30 മുതൽ 7.30 വരെ, വിശേഷയോഗ അഭ്യസത്തിന്റെ സമയത്ത് അനുഭവം ചെയ്യൂ ഞാൻ ആത്മാവ് ഭൃകുഡി ആസനത്തിൽ വിരാജിമാനായ ഒരു ചൈതന്യദീപമാണ്. ഞാൻ അജ്ഞാനത്തിന്റെ അന്ധകാരം ദൂരീകരിച്ച് ജ്ഞാനത്തിൻരെ പ്രകാശം പരത്തി വിശ്വത്തെ പ്രകാശിപ്പിക്കുന്നതിന് നിമിത്തമായ ബ്രാഹ്മണകുലദീപമാണ്.